# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 262/2010/സം.തി.ക. തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 27.

കേരള സർക്കാർ 2010 സെപ്റ്റംബർ 27-ാം തീയതിയിലെ 2201-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ സ.ഉ.(അച്ചടി) നം.216/2010/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനംമൂലം മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതിനാലും, ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 105-ാം വകുപ്പനുസരിച്ച് സംസ്ഥാനത്ത് മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള മറ്റെല്ലാ മുനിസിപ്പാലിറ്റി കളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും, പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) 2010 ഒക്ടോബർ 4-ാം തീയതി (തിങ്കൾ) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) 2010 ഒക്ടോബർ 5-ാം തീയതി (ചൊവ്വ) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) 2010 ഒക്ടോബർ 7-ാം തീയതി (വ്യാഴം) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2010 ഒക്ടോബർ 23-ാം തീയതി ശനിയാഴ്ചയും,

ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2010 ഒക്ടോബർ 25-ാം തീയതി തിങ്കളാഴ്ചയും ആവശ്യമായി വരുന്ന പക്ഷം, വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) 2010 നവംബർ 6-ാം തീയതി (ശനി) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**(ഒപ്പ്)**
**പി. കമാൽകുട്ടി,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ 263/2010/സം.തി.ക തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 27.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 126-ാം വകുപ്പനുസരിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 സെപ്റ്റംബർ 27-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 262/2010/സം.തി.ക നമ്പർ വിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ മട്ടന്നൂർ ഒഴികെയുള്ള മുനിസിപ്പാലിറ്റികളിലേക്കും, മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും നടത്തേണ്ട തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് ആവശ്യമുള്ള പക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണിമുതൽ വൈകുന്നേരം 5 മണിവരെയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**(ഒപ്പ്)**

**പി. കമാൽകുട്ടി,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ–2325048,2337884
Fax : 0471-2338288, email : electionker@sify.com, Website : www.electionker.org

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ:264/2010/സം.തി.ക.     തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 27.

കേരള സർക്കാർ 2010 സെപ്റ്റംബർ 27-ാം തീയതിയിലെ 2202-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ സ.ഉ.(അച്ചടി) നമ്പർ 217/2010/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനംമൂലം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, എന്നീ ഏഴ് ജില്ലകളിൽ 2010 ഒക്ടോബർ 23-ാം തീയതിയും, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ഏഴ് ജില്ലകളിൽ 2010 ഒക്ടോബർ 25-ാം തീയതിയും, സംസ്ഥാനത്തെ, കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള, എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേക്കും, ഓരോ അംഗത്തെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതിനാലും, ഇപ്പോൾ, അതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 49-ാം വകുപ്പനുസരിച്ച് സംസ്ഥാനത്തെ വേളം ഗ്രാമപഞ്ചായത്തിന്റെ എല്ലാ നിയോജകമണ്ഡലങ്ങളും ഒഴികെയുള്ള എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേക്കും പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) 2010 ഒക്ടോബർ 4-ാം തീയതി (തിങ്കൾ) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) 2010 ഒക്ടോബർ 5-ാം തീയതി (ചൊവ്വ) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) 2010 ഒക്ടോബർ 7-ാം തീയതി (വ്യാഴം) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ 2010 ഒക്ടോബർ 23-ാം തീയതി ശനിയാഴ്ചയും, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ 2010 ഒക്ടോബർ 25-ാം തീയതി തിങ്കളാഴ്ചയും ആവശ്യമായി വരുന്നപക്ഷം, വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) 2010 നവംബർ 6-ാം തീയതി (ശനി) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**(ഒപ്പ്)**
**പി. കമാൽകുട്ടി,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ. 265/2010/സം.തി.ക     തീയതി, തിരുവനന്തപുരം, 2010 സെപ്റ്റംബർ 27.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 70-ാം വകുപ്പനുസരിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 സെപ്റ്റംബർ 27-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 264/2010/സം.തി.ക നമ്പർ വിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ വേളം ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള ഗ്രാമപഞ്ചായത്തു കളിലേക്കും, ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ജില്ലാ പഞ്ചായത്തുകളിലേക്കും നടത്തേണ്ട തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണിവരെയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**(ഒപ്പ്)**

**പി. കമാൽകുട്ടി,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33